"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പി.എം.ജി.എസ്.വൈ. - കെ.എസ്.ആർ.ആർ.ഡി.എ.യിലെ അക്രഡിറ്റഡ് ഓവർസീയർ തസ്തികയുടെ കരാർ/ദിവസ വേതനം കാറ്റഗറി II -ൽ നിന്ന് കാറ്റഗറി III -ലേക്ക് ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.3072/2025/LSGD തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:- 1. സ.ഉ (സാധാ) നം. 1558/2019/എൽ.എസ്.ജി.ഡി തീയതി 23.07.2019

2.സ.ഉ. (അച്ചടി) നം. 54/2025/ധന തീയതി 19.04.2025

3.കെ.എസ്.ആർ.ആർ.ഡി.എ.യിലെ ഓവർസീയർമാർ സമർപ്പിച്ച 24.06.2025,02.07.2025 തീയതികളിലെ നിവേദനം

4. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ 04.07.2025,20.09.2025, 06.10.2025 തീയതികളിലെ KSRRDA/65/2025-C നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പി.എം.ജി.എസ്.വൈ പദ്ധതിയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവരുന്ന ഓവർസീയർമാരുടെ യാത്രാബത്തയും ശമ്പളവും പുതുക്കി നിർണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ആർ.ഡി.എ.യിലെ ഓവർസീയർമാർ പരാമർശം (3) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. പി.എം.ജി.എസ്.വൈ പദ്ധതി നിർവഹണത്തിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പള നിരക്ക് നിശ്ചയിച്ച പരാമർശം (1) ഉത്തരവിൽ അക്രഡിറ്റഡ് ഓവർസീയർമാരെ കാറ്റഗറി II-ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും എന്നാൽ ഇത് ഐ.ടി. യോഗ്യതയുള്ളവരെയാണ് പരാമർശിക്കുന്നത് എന്നും കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ കെ.എസ്.ആർ.ആർ.ഡി.എ-യ്ക്ക് കീഴിൽ ഓവർസീയർമാരെ നിയമിക്കുന്നതിനുള്ള യോഗ്യത ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് ആയതിനാലും നിലവിൽ പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ വേതന നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിലും ജോലി സ്വഭാവവും യാത്രാക്ലേശവും കണക്കിലെടുത്ത് ഉദ്യോഗസ്ഥരെ കാറ്റഗറി 8-ൽ ഉൾപ്പെടുത്താവുന്നതാണെന്നും കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്യുകയുണ്ടായി.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

കെ.എസ്.ആർ.ആർ.ഡി.എ.യുടെ കീഴിലെ പി.എം.ജി.എസ്.വൈ. പദ്ധതിയിലെ അക്രഡിറ്റഡ് ഓവർസീയർ തസ്തികയുടെ കരാർ/ദിവസ വേതനം, പരാമർശം (2) ഉത്തരവിലെ കാറ്റഗറി II -ൽ നിന്ന് കാറ്റഗറി III -ലേക്ക് ഉയർത്തി (നിലവിൽ കരാർ വേതനം പരമാവധി ₹22,240/-), ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക പി.എം.ജി.എസ്.വൈ.യുടെ കേന്ദ്ര-സംസ്ഥാന വിഹിതത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഘടകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. കൂടാതെ പ്രസ്തുത ജീവനക്കാർക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി Grade IV-ന് ആനുപാതികമായ യാത്രാബത്ത അനുവദിക്കുന്നതിന് അനുമതി നൽകുന്നു;

(i) KSR Part I Rule 8 - ന്റെ അടിസ്ഥാനത്തിലുള്ള Appendix 1 Model form of Agreement അനുസരിച്ചുള്ള കരാറിൽ ഏർപ്പെടേണ്ടതും യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

(ii).കെ.എസ്.ആർ. ഭാഗം II ചട്ടങ്ങളും യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ നിബന്ധനകളും കരാർ ജീവനക്കാർക്കു പൂർണ്ണമായും ബാധകമാണ്.

(iii)സർക്കാർ നിശ്ചയിച്ചിട്ടുള്ള യാത്രാബത്ത പരിധിക്കുള്ളിൽ (TA ceiling limit) നിന്നു മാത്രമേ യാത്രാബത്ത ക്ലെയിം മാറി നൽകാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

മെമ്പർ സെക്രട്ടറി,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (17.11.2025 ലെ e-3219768/ഡെവ-1/151/2025-ധന പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 26-12-2025 16:05:07
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി